(എ) കേരളത്തിലെ എത്ര അന്ധ-ബധിര-മൂക വിദ്യാലയങ്ങളിൽ ഹെഡ്മാസ്റ്റർമാരുടെ തസ്തികയിൽ നിയമനം നടത്താതെ കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കേരളത്തിലെ എത്ര അന്ധ-ബധിര-മൂക വിദ്യാലയങ്ങളിലെ പ്രധാന അദ്ധ്യാപകൻമാർ കുട്ടികൾക്ക് ക്ലാസ്സുകൾ എടുക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഒറ്റപ്പാലം ബധിര-മൂക വിദ്യാലയത്തിലെ ഹെഡ്മിസ്ട്രസ് കുട്ടികൾക്ക് ക്ലാസ്സുകൾ ഒന്നും തന്നെ എടുക്കുന്നില്ല എന്നു പറയുന്നത് ശരിയാണോ; മാനസികമായും ശാരീരികമായും സുഖമില്ലാത്തവരെ പ്രധാന അദ്ധ്യാപികയായി നിയമിക്കുന്നതിനെക്കുറിച്ച് പുനഃപരിശോധിക്കുമോ?

ഉത്തരം

(എ) കുന്നംകുളത്തുള്ള വിദ്യാലയത്തു മാത്രമാണ് ഹെഡ്മാസ്റ്റർമാരുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്നത്; ഈ തസ്തികയിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്.

(ബി) എല്ലാ പ്രധാന അദ്ധ്യാപകരും ക്ലാസ്സുകൾ എടുക്കുന്നുണ്ട്.

(സി) ഈ സ്കൂളിലെ ഹെഡ് മിസ്ട്രസ് ക്ലാസ്സുകൾ എടുക്കുന്നില്ല എന്നതിനെപ്പറ്റി പരാതികളൊന്നും ലഭിച്ചിട്ടില്ല. മാനസികമായും ശാരീരികമായും സുഖമില്ലാത്തവരെ പ്രധാന അദ്ധ്യാപികയായി നിയമിക്കുന്ന പ്രശ്നം ഉദിച്ചിട്ടില്ല.

അദ്ധ്യാപക നിയമനം

855 [1312] ശ്രീ. കെ. കെ. എസ്. തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണം, ക്രിസ്തുമസ് എന്നീ ഒഴിവു കാലങ്ങൾക്ക് തൊട്ടു മുമ്പുള്ള ദിവസങ്ങളിൽ മാനേജ്മെൻറ് വിദ്യാലയങ്ങളിൽ അദ്ധ്യാപകരെ നിയമിച്ചാൽ അംഗീകാരം നൽകുന്നതിന് നിയമതടസ്സമുണ്ടാകുമോ;

(ബി) ഉണ്ടെങ്കിൽ അതൊഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി നിയമിച്ചാൽ തടസ്സമുണ്ടാവില്ല.

പനമ്പിള്ളി കോളേജ് സംബന്ധിച്ച്

856 [1313] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിലെ പനമ്പിള്ളി കോളേജ് അപ്ഗ്രേഡ് ചെയ്ത് കെട്ടിടം പണിയാത്തതിന്റെ കാരണങ്ങൾ എന്തൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly